പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1452 | 10-02-2020-ലെ മറുപടിയ്ക്ക്

## കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | രണ്ട് പ്രളയങ്ങൾ തകർത്ത കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിലേക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ; | (എ) & (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് നശിച്ചു പോയ വിളയുടെ വിസ്തീർണ്ണം അനുസരിച്ചു നഷ്ടപരിഹാരത്തുകയും ഇൻഷ്വർ ചെയ്ത വിളകൾക്ക് ഇൻഷ്വറൻസ് തുകയും നൽകുന്നു. 'പുനർജനി' എന്ന പേരിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പാക്കേജിന്റെ ഭാഗമായി സൗജന്യ നെൽ വിത്ത് വിതരണം, പച്ചക്കറി കൃഷി പുനരുദ്ധാരണം, 'ഓപ്പറേഷൻ ഡബിൾ കോൾ', സബ്സിഡിയോടു കൂടി ദീർഘകാല സുഗന്ധ വിളകളുടെ നടീൽ വസ്തുക്കൾ വാങ്ങൽ, മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായം പോലുള്ള വസ്തുക്കൾ ചേർക്കുന്നതിനുള്ള സബ്സിഡി, ജലസേചനത്തിനു പമ്പു സെറ്റുകൾ വാങ്ങുന്നതിനുള്ള സബ്സിഡി, പാടശേഖരങ്ങൾ/ കർഷക ഗ്രൂപ്പുകൾ എന്നിവയുടെ പെട്ടി, പറ മറ്റു യന്ത്ര സാമഗ്രികൾ നന്നാക്കുന്നതിനുള്ള സഹായം, പുഷ്പ കൃഷി വികസനത്തിനുള്ള സഹായം, എലി നശീകരണ ക്യാമ്പുകൾ നടത്തുന്നതിനുള്ള സഹായം എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് 945 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 182.76 കോടി രൂപയുടെ 12 പദ്ധതികൾക്ക് സ.ഉ.(കൈ)34/2019/ആ.സാ.വ തീയതി 12.12.2019 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സംയോജിത കൃഷിയിലൂടെ ഇടുക്കി, വയനാട് ജില്ലകൾ കേന്ദ്രീകരിച്ചു ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ |
| (ബി) | ഇതിലേക്കായി എത്ര തുക ബഡ്ജറ്റ് വിഹിതമായി അനുവദിച്ചു; ഇതിൽ എത്ര തുക നാളിതുവരെ ഏതെല്ലാം പദ്ധതിക്കായി ചെലവഴിച്ചു വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | (50 കോടി)<br>• ആതിരപ്പള്ളി ട്രൈബൽ വാലി കാർഷിക പദ്ധതി (7.92 കോടി)<br>• അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി (7.99 കോടി)<br>• കേരളത്തിൽ കാർഷിക വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (15 കോടി)<br>• വയനാട് ജില്ലയിൽ ഉദ്യാനവിള കൃഷിക്കും പുഷ്പകൃഷിക്കുമായി മികവിന്റെ കേന്ദ്രം (4 കോടി)<br>• കുട്ടനാട് നെൽകൃഷി ആവാസ വ്യവസ്ഥയുടെ സുസ്ഥിര വികസനം (2.91 കോടി)<br>• യന്ത്രവത്കൃത കൃഷി, ജേം പ്ലാസം കൺസർവേഷൻ, ജൈവവൈവിധ്യ കൃഷി രീതികൾ എന്നിവയിലൂടെ വടക്കൻ കേരളത്തിലെ കൈപ്പാട് തണ്ണീർത്തടങ്ങളുടെ വികസനം (3 കോടി)<br>• ചെങ്ങന്നൂർ സമൃദ്ധി-തരിശുരഹിത മണ്ഡലം പദ്ധതി (10 കോടി)<br>• കൃഷി വകുപ്പിന്റെ കീഴിലുള്ള മുണ്ടേരി ഫാമിന്റെയും മറ്റ് കൃഷിഭവനുകളുടെയും പുനരുദ്ധാരണം (6 കോടി)<br>• പ്രളയ ബാധിത ജില്ലകൾ ഉൾപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പിന്റെ 6 പദ്ധതികൾ (60.94 കോടി)<br>• നേരിയമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ സമഗ്ര വികസനത്തിനായി സംയോജിത ഫാം പരിപാലനം (10 കോടി)<br>• അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേനകൾ എന്നിവയുടെ ശാക്തീകരണത്തിലൂടെ മേഖലാ തലത്തിൽ സർവ്വീസ് ഡെലിവറിക്ക് പിന്തുണ (5 കോടി)<br>ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കുന്നതാണ്. ബാക്കി പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ (RKI) പരിഗണനയിലാണ്. വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങളുടെ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം നൽകി. അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/ കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമായി 2018-19 ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജും ഉൾപ്പെടെ ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾക്ക് അംഗീകാരം നൽകി. 2019-20 സാമ്പത്തിക വർഷത്തിൽ വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനും വേണ്ടി 'വയനാട് പാക്കേജിൽ' ഉൾപ്പെടുത്തി 6.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br>പ്രളയാനന്തരം വിവിധ സംസ്ഥാന പദ്ധതികളിലൂടെ ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പദ്ധതി/ ഫണ്ട് | 2017-18 ൽ നൽകിയ തുക | 2018-19 ൽ നൽകിയ തുക | 2019-20 ൽ നൽകിയ തുക |
|---|---|---|---|---|
| 1 | വിള ഇൻഷ്വറൻസ് പദ്ധതി | 2.3260585 കോടി | 51 കോടി | 55.60 കോടി |
| 2 | പ്രകൃതിക്ഷോഭം ദുരിതാശ്വാസത്തിനുള്ള സംസ്ഥാന വിഹിതം | 9.9282632 കോടി | 164.51 കോടി | 4.7121576 കോടി |
| 3 | എസ്.ഡി.ആർ. ഫണ്ട് | 9.2109428 കോടി | 115.98 കോടി | 1.0614984 കോടി |

സെക്ഷൻ ഓഫീസർ